# ഡിഡിയുജികെവൈ കമ്മ്യൂണിറ്റി മൊബിലൈസേഷൻ കൊല്ലത്ത്

മാനവവിഭവശേഷിയുടെ കാര്യത്തിൽ ലോകത്തിൽ രണ്ടാം സ്ഥാനത്താണ് ഇന്ത്യ. എന്നാൽ ഈ മുൻതൂക്കം ഉപയോഗപ്പെടുത്തി സാമ്പത്തിക വളർച്ചയിലൊരു കുതിപ്പ് കൈവരിക്കാൻ ഇന്ത്യക്ക് കഴിയുന്നില്ല. ഇതിന്റെ പ്രധാന കാരണമായി ചൂണ്ടിക്കാട്ട പ്പെടുന്നത് ഗ്രാമീണ മേഖല വിദ്യാഭ്യാസ കാര്യത്തിൽ പിന്നിലാണ് എന്നതാണ്. തൊഴിൽ ലഭ്യമാണെങ്കിലും അതിന് നൈപുണ്യം സിദ്ധിച്ചവർ കുറവാണെന്നതിനാൽ തന്നെ ഗ്രാമീണ മേഖലയിൽ യുവാക്കൾക്കിടയിൽ തൊഴിലില്ലായ്മയും രൂക്ഷം. 2011ലെ സെൻസസ് പ്രകാരം ഗ്രാമീണ മേഖലയിൽ 15നും 35നും ഇടയിൽ പ്രായമുള്ള 45 കോടി യുവജനങ്ങളാണുള്ളത്. 2025 ആകുമ്പോൾ ഇത് 56 കോടിയായി ഉയരും. ഇക്കാലമാകുമ്പോഴേക്കും ലോകത്താകെ 47 കോടി വിദഗ്ധ തൊഴിലാളികളുടെ അപര്യാപ്തയമുണ്ടാകും. ഇങ്ങനെയൊരു മികച്ച അവസരം മുതലെടുക്കണമെങ്കിൽ നൈപുണ്യ പരിശീലനം അനിവാര്യമാണ്. രാജ്യത്ത് നൈപുണ്യ പരിശീലനം ലഭിച്ച തൊഴിലാളികൾ 10 ശതമാനം മാത്രവുമാണ്.

2022 ഓടെ 50 കോടി യുവതീയുവാക്കൾക്ക് നൈപുണ്യ പരിശീലനം നൽകാനാണ് കേന്ദ്ര ഗവൺമെന്റ് ലക്ഷ്യമിട്ടിരിക്കുന്നത്. നൈപുണ്യ പരിശീലനത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചാൽ രാജ്യത്തുണ്ടാകുന്ന വികാസം കണ്ടറിഞ്ഞ് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം തുടക്കമിട്ട സൗജന്യ നൈപുണ്യ പരിശീലന - തൊഴിൽ ദാന പദ്ധതിയാണ് ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ കൗശല്യ യോജന.ഗ്രാമീണ മേഖലയിലുള്ള 15നും 35നും ഇടയിൽ പ്രായമുള്ള ദരിദ്ര കുടുംബങ്ങളിൽ നിന്നുള്ള യുവതീയുവാക്കളിലാണ് പദ്ധതി ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. 2014ൽ തുടക്കമിട്ട ഈ പദ്ധതി ദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിന് കീഴിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഗ്രാമീണ മേഖലയിലെ ദരിദ്ര കുടുംബങ്ങൾക്ക് വരുമാനം കണ്ടെത്തുന്നതിന് പുതുമാർഗ്ഗം തുറന്നുകൊടുക്കുക, ഗ്രാമീണ മേഖലയിലെ യുവതീയുവാക്കളുടെ തൊഴിൽ താത്പര്യങ്ങൾ പൂർത്തീകരിക്കുക എന്നീ രണ്ട് പ്രധാനപ്പെട്ട ലക്ഷ്യങ്ങളാണ് പദ്ധതിക്കുള്ളത്. കേരളം ഉൾപ്പെടെ 21 സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലുമായി 568 ജില്ലകളിൽ 6215 ബ്ലോക്കു

കളിലായി ഡിഡിയുജികെവൈയുടെ സാന്നിധ്യമുണ്ട്. 300 പ്രൊജക്ട് ഇംപ്ലിമെന്റിങ് ഏജൻസികൾ (പിഐഎ) വഴി 82 വ്യാവസായിക മേഖലകളിലെ 329 വ്യത്യസ്ത മേഖലകളിൽ ഇന്ത്യയിൽ ഇന്ന് ഡിഡിയുജികെവൈ മൂലം പരിശീലനം നൽകി വരുന്നു. 2016-17 സാമ്പത്തിക വർഷം പദ്ധതി വഴി 162586 യുവതീയുവാക്കൾക്ക് പരിശീലനം നൽകി. 84900 പേർക്ക് തൊഴിലും ലഭിച്ചു.

## പരിശീലനാർത്ഥികൾ, പരിശീലനം, സർട്ടിഫിക്കറ്റ്

ഗ്രാമീണ മേഖലയിൽ നിന്നുള്ള ദരിദ്ര കുടുംബങ്ങളിലെ 15നും 35നും ഇടയിൽ പ്രായമുള്ളവർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. സ്ത്രീകൾക്കും ആദിവാസി വിഭാഗങ്ങൾ, അംഗപരിമിതകർക്കും ട്രാൻസ്ജെൻഡർ, മനുഷ്യക്കടത്തിന് ഇരയായവർ, എച്ച്ഐവി ബാധിതർ തുടങ്ങിയവർക്കും പ്രായപരിധിയിൽ ഇളവുണ്ട്, 45 വയസ് വരെ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. കേന്ദ്രസർക്കാർ വെബ്സൈറ്റിലൂടെ അപേക്ഷിക്കുന്ന തൊഴിൽ പരിശീലന ഏജൻസികളുടെ സ്ഥാപനങ്ങൾ സന്ദർശിച്ച് അത് അക്രഡിറ്റ് ചെയ്യുന്നതോടെ ഏജൻസികൾ ഈ പദ്ധതിയുടെ പ്രൊജക്ട് ഇംപ്ലിമെന്റിങ് ഏജൻസികളായി അറിയപ്പെടും. ഈ പിഐഎകളുടെ സെന്ററുകൾ വഴിയാണ് പരിശീലനം നൽകുന്നത്. സെന്ററുകളിൽ താമസിച്ച് പരിശീലനം നേടാനാകുന്നതും അല്ലാത്തതുമായ കോഴ്സുകളുണ്ട്.

പരിശീലനം സൗജന്യമാണ് എന്നതിന് പുറമേ യൂണിഫോമും പഠന ഉപകരണങ്ങളും താമസവും തീർത്തും സൗജന്യമാണ്. തെരഞ്ഞെടുക്കുന്ന തൊഴിൽ മേഖലകളിൽ മാത്രം ഒതുങ്ങാതെ സോഫ്ട് സ്കിൽസും ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യവും കമ്പ്യൂട്ടർ സംബന്ധിയ അടിസ്ഥാന വിവരങ്ങൾ ഉൾപ്പെടുന്നതുമായ ക്ലാസ്സുകളും പരിശീലനത്തിനൊപ്പം നൽകുന്നു. വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് എൻസിവിടി (നാഷണൽ കൗൺസിൽ ഓൺ വൊക്കേഷണൽ ട്രെയ്നിങ്) എസ്എസ്സി (സെക്ടർ സ്കിൽ കൗൺസിൽ) സർട്ടിഫിക്കറ്റുകളാണ് നൽകുന്നത്. പരിശീലനം പൂർത്തിയാക്കി ജോലിയിൽ പ്രവേശിക്കുന്ന പദ്ധതി ഗുണഭോക്താക്കൾക്ക് കുറഞ്ഞത് 6000 രൂപ ശമ്പളമാണ് ലഭിക്കുന്നത്.

പരിശീലനം പൂർത്തിയാക്കിയവരിൽ 70 ശതമാനത്തിനും തൊഴിൽ ലഭിക്കുന്നുവെന്ന് പദ്ധതി വഴി ഉറപ്പുവരുത്തുന്നു. ജോലിയിൽ പ്രവേശിച്ചവരെ നിരന്തരം നിരീക്ഷിക്കുകയും അവർ കുറഞ്ഞത് മൂന്ന് മാസമെങ്കിലും ജോലിയിൽ തുടരുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. ഓരോ ഏജൻസികളുടെയും പ്രകടനവും നിരന്തരം പരിശോധിക്കുന്നു.

**ഡിഡുയുജികെവൈ പദ്ധതി കേരളത്തിൽ**

സംസ്ഥാനത്തെ ദാരിദ്ര്യ നിർമ്മാർജ്ജന ദൗത്യമായ കുടുംബശ്രീ വഴിയാണ് കേരളത്തിൽ ഡിഡിയുജികെവൈ പദ്ധതി നടപ്പിലാക്കുന്നത്. 2015-19 കാലഘട്ടത്തിൽ 51200 ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ പരിശീലനം നൽകുകയാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കേരളത്തിലെ മികച്ച പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ 2017-19 വർഷങ്ങളിലായി 20000 യുവതീയുവാക്കൾക്ക് കൂടി പരിശീലനം നൽകുന്നതിന് കുടുംബശ്രീയ്ക്ക് 198 കോടി രൂപയുടെ അധിക ഫണ്ട് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം അനുവദിച്ചു. 45 ഏജൻസികൾ വഴി 28 തൊഴിൽ മേഖലകളിലായി 103 വ്യത്യസ്ത തൊഴിൽ വിഭാഗങ്ങളിൽ ഇപ്പോൾ കുടുംബശ്രീ പരിശീലനം നൽകുന്നത്. 2018 ജനുവരി വരെ 27000 പേർക്ക് പരിശീലനം നൽകി അതിൽ 14458 പേർക്ക് ജോലിയും ലഭിച്ചു. ഇവർക്ക് ശരാശരി കുറഞ്ഞത് 7000 രൂപ മാസശമ്പളം ലഭിക്കുന്നു. അക്കൗണ്ടന്റ്, ബിസിനസ് കറസ്പോണ്ടന്റ്, സ്പാ തെറാപ്പിസ്റ്റ്, ഡെന്റൽ സെറാമിക് അസിസ്റ്റന്റ്, ട്രാവൽ കൾസട്ടന്റ് എന്നിങ്ങനെ നിരവധി വ്യത്യസ്ത ട്രേഡുകളിൽ കേരളത്തിൽ കുടുംബശ്രീ ഈ പദ്ധതി വഴി പരിശീലനം നൽകുന്നുണ്ട്.

പദ്ധതിയുടെ മികച്ച രീതിയിലുള്ള നടത്തിപ്പിന് കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ പുരസ്കാരം 2017ൽ കുടുംബശ്രീയ്ക്ക് ലഭിച്ചിരുന്നു. അട്ടപ്പാടിയിൽ കുടുംബശ്രീയുടെ പ്രത്യേക പദ്ധതിക്കൊപ്പം ഉൾപ്പെടുത്തി ഡിഡിയുജികെവൈ കുടുംബശ്രീ നടപ്പാക്കി വരുന്നു. കേരളത്തിൽ ആദിവാസി മേഖലയിൽ അവർക്ക് വേണ്ടി മാത്രമായി പ്രത്യേക നൈപുണ്യ പരിശീലന പരിപാടി നടത്തുന്നത് ഇതാദ്യമായാണ്. കൂടാതെ തീരദേശ മേഖലയിലെ കുട്ടികൾക്ക് സൗജന്യ നൈപുണ്യ പരിശീലനം നൽകുന്നതിനായി സാഗർമാല പദ്ധതിയും ഡിഡിയുജികെവൈ വഴി കേരളത്തിൽ നടപ്പാക്കും.

കേരളത്തിൽ 60 ശതമാനം ന്യൂനപക്ഷ സമുദായത്തിൽ നിന്നുള്ളവർക്കും 26 ശതമാനം പട്ടിക ജാതിയിൽ നിന്നും 4 ശതമാനം പട്ടിക വർഗ്ഗത്തിൽ നിന്നുള്ളവർക്കുമായിരിക്കണം ഡിഡിയുജികെവൈ വഴി പരിശീലനം നൽകുകയെന്നാണ് നിശ്ചയിച്ചിരിക്കുന്നത്. സ്ത്രീകൾക്ക് 33 ശതമാനവും അംഗപരിമിതർക്ക് 3 ശതമാനവും ഇതിൽ തന്നെ സംവരണമുണ്ട്. ഇങ്ങനെയുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് പദ്ധതിയിലേക്ക് യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തുന്നത് മൊബിലൈസേഷൻ വഴിയാണ്. കുടുംബശ്രീ അംഗങ്ങളായ 43 ലക്ഷം കുടുംബങ്ങൾ കേരളത്തിലുള്ളത് തന്നെ മൊബിലൈസേഷനിൽ കുടുംബശ്രീയെ ഏറെ തുണയ്ക്കുന്നു.

## കൊല്ലം ജില്ലയിലെ കമ്മ്യൂണിറ്റി മൊബിലൈസേഷൻ പ്രവർത്തനങ്ങൾ

**തുടക്കം**

സംസ്ഥാനതലത്തിൽ നിന്നുള്ള നിർദ്ദേശം ലഭിച്ചതോട് അനുബന്ധിച്ച് കൊല്ലം ജില്ലയിലും പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിരുന്നു. മേൽനോട്ടത്തിനായി ജില്ലാ തല കൾസൾട്ടന്റും ഒരു ബ്ലോക്ക് കോർഡിനേറ്ററുമാണ് ജില്ലയിൽ പ്രവർത്തിക്കുന്നത്. സിഡിഎസുകൾ വഴി ഗുണഭോക്താക്കളെ കണ്ടെത്തുകയും ക്യാമ്പ് വഴി അവരെ കോഴ്സുകളെക്കുറിച്ച് അറിയിച്ച് അവർക്ക് താത്പര്യമുള്ള കോഴ്സുകളിലേക്ക് പരിശീലനത്തിന് ചേർക്കുകയുമായിരുന്നു പതിവ്.

എന്നാൽ ക്രമേണ പരിശീലനത്തിനുമുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ബുദ്ധിമുട്ടേറി വന്നപ്പോഴാണ് പഞ്ചായത്ത് തലത്തിൽ ഒരു കുടുംബശ്രീ അംഗത്തെ കമ്മ്യൂണിറ്റി വോളണ്ടിയറായി നിയമിച്ച് മൊബിലൈസേഷൻ പ്രക്രിയ എളുപ്പമാക്കാൻ 2017 ജൂണിൽ സംസ്ഥാന മിഷനിൽ നിന്ന് നിർദ്ദേശം നൽകിയത്. ഇൻസെന്റീവായി പ്രതിഫലം ലഭിക്കുമെന്നതിനാൽ മൊബിലൈസേഷൻ പ്രക്രിയ കൂടുതൽ ശക്തമാകുമെന്ന കണക്കുകൂട്ടലും ഈ തീരുമാനത്തിന് പിന്നിലുണ്ട്. കുടുംബശ്രീയുടെ സംഘടനാ സംവിധാനത്തെക്കൂടെ പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിന് ഭാഗമാക്കുന്നതിന്റെ അദ്യപടിയായിരുന്നു ഇത്. അതനുസരിച്ച് കൊല്ലത്തും അതേ മാസം തന്നെ പ്രവർത്തനങ്ങൾ ആരംഭിച്ചു.

## പ്രവർത്തനം

മൊബിലൈസേഷൻ മുതൽ പരിശീലനം പൂർത്തീകരിക്കുന്നതും ജോലി ലഭിച്ച ശേഷമുള്ള ട്രാക്കിങ്ങും അടക്കമുള്ള കാര്യങ്ങൾ കമ്മ്യൂണിറ്റി വോളണ്ടിയർമാർ ചെയ്യേണ്ടതായിട്ടുണ്ട്. ഇതനുസരിച്ച് കമ്മ്യൂണിറ്റി തലത്തിലുള്ള പ്രവർത്തന മികവും മൊബിലൈസേഷൻ ചെയ്യുന്നതിനുള്ള കഴിവും മാനദണ്ഡമാക്കി കമ്മ്യൂണിറ്റി വോളണ്ടിയർമാരെ ജില്ലാ മിഷൻ സിഡിഎസ് വഴി തെരഞ്ഞെടുത്തു തുടങ്ങി. സിഡിഎസ് ഭരണ സമിതി അംഗങ്ങൾ ഒഴികെയെുള്ളവരെയാണ് തെരഞ്ഞെടുത്തത്

**കടമകൾ**

സംസ്ഥാന മിഷനിൽ നിന്ന് സർക്കുലറിൽ പറഞ്ഞിരിക്കുന്ന പ്രവർത്തനങ്ങ ളെല്ലാം കമ്മ്യൂണിറ്റി വോളണ്ടിയർമാർ ചെയ്തു വരുന്നു.

- ജില്ലാ മിഷനിൽ നിന്നോ ബ്ലോക്ക് കോർഡിനേറ്ററിൽ നിന്നോ ലഭിക്കുന്ന മൊബിലൈസേഷൻ വിവരങ്ങൾ എഡിഎസിൽ അറിയിക്കുന്നു
- ഈ വിവരങ്ങൾ എഡിഎസ് അയൽക്കൂട്ട തലത്തിൽ അറിയിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നു
- താത്പര്യം അറിയിക്കുന്ന ഗുണഭോക്താക്കളെ മൊബിലൈസേഷൻ ക്യാമ്പിൽ പങ്കെടുപ്പിക്കുകയും അവരുടെ രജിസ്ട്രേഷൻ നടത്തി സൂക്ഷിക്കുന്നു
- മൊബിലൈസേഷൻ ക്യാമ്പിൽ പങ്കെടുത്ത് സിഡിഎസിൽ രജിസ്ട്രർ ചെയ്തവരുടെ വിവരങ്ങൾ നൈപുണ്യ രജിസ്ട്രറിൽ രേഖപ്പെടുത്തി സൂക്ഷിക്കുക
- ഏജൻസികൾ ഷോർട്ട് ലിസ്റ്റ് ചെയ്ത കുട്ടികൾക്ക് കോഴ്സ് രജിസ്ട്രേഷനെപ്പറ്റിയുള്ള വിവരങ്ങൾ സംഘടനാ സംവിധാനത്തിലൂടെ അറിയിക്കുക
- കുട്ടികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിന് പരിശീലനത്തിന്റെ കൂടുതൽ വിവരങ്ങൾ പാലിക്കേണ്ട ചിട്ടകൾ എന്നിവ വ്യക്തമാക്കുന്നതിനായി തെരഞ്ഞെടുത്ത വിദ്യാർത്ഥികളുടെ പിടിഎ യോഗം സംഘടിപ്പിക്കുക
- ഓരോ ബാച്ചിലും പഞ്ചായത്തിൽ നിന്നും പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ, ഏജൻസിയുടെ പേര്, കോഴ്സ്, പരിശീലനം ആരംഭിച്ച തീയതി, ഫോൺ നമ്പർ, റോൾ നമ്പർ എന്നിവ സമർപ്പിക്കുക
- പരിശീലന പരിപാടികൾക്ക് വിവിധ ഏജൻസികളിൽ രജിസ്ട്രർ ചെയ്തവരുടെ വിവരങ്ങൾ ശേഖരിക്കുക, പരിശീലനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ജില്ലാ തലത്തിലോ ബ്ലോക്ക് കോർഡിനേറ്റർമാരുടെയോ ശ്രദ്ധയിൽപ്പെ

ടുത്തുക

- പരിശീലനം കഴിഞ്ഞവരുടെ ലിസ്റ്റ് തയാറാക്കുക
- അത് ബ്ലോക്ക് കോർഡിനേറ്റർ സാക്ഷ്യപ്പെടുത്തി ജില്ലാ മിഷന് സമർപ്പിക്കുക, നൈപുണ്യ രജിസ്ട്രറിൽ രേഖപ്പെടുത്തി സൂക്ഷിക്കുക, ആ റിപ്പോർട്ട് ജില്ലാ മിഷന് സമർപ്പിക്കുക
- ജോലി ലഭിച്ചവരുടെ വിവരങ്ങൾ ഓരോ മാസവും ശേഖരിക്കുക, തുടർച്ചയായി മൂന്ന് മാസം ജോലിയിൽ തുടരുന്നവരുടെ വിവരങ്ങൾ ജില്ലാ മിഷന് സമർപ്പിക്കുക
- ഗുണഭോക്താവ് ഒരു വർഷത്തിൽ 9 മാസമെങ്കിലും ജോലിയിൽ തുടരുകയാണെങ്കിൽ അവരുടെ ലിസ്റ്റ് എടുത്ത് ജില്ലാ മിഷന് സമർപ്പിക്കുക
- ഗുണഭോക്താവിന് ജോലി ലഭിച്ച് ഒരു വർഷത്തിനുള്ളിൽ തുടർച്ചയായി 15000 രൂപയോ അതിന് മുകളിലോ ശമ്പളം ലഭിക്കുകയാണെങ്കിൽ ആ വിവരങ്ങൾ ശേഖരിച്ച് ജില്ലാ മിഷന് സമർപ്പിക്കുകയും വിജയ ഗാഥ തയാറാക്കുകയും
- ഇവരെ ഭാവിയിൽ മൊബിലൈസേഷന് ഉപയോഗപ്പെടുത്തുക
- വിദേശത്ത് ജോലി ലഭിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റും വിജയഗാഥയും തയാറാക്കുക, മൊബിലൈസേഷന് ഉപയോഗപ്പെടുത്തുക

**പ്രതിഫലം**

ഇൻസെന്റീവിന് അർഹമാകുന്നതിന് മൊബിലൈസേഷൻ ക്യാമ്പിന്റെ മിനിട്ട്സ്, രജിസ്ട്രർ ചെയ്ത ഗുണഭോക്താക്കളുടെ അറ്റൻഡൻസ്, ഏജൻസികൾ രണ്ടാം ഘട്ടത്തിലേക്ക് തെരഞ്ഞെടുത്തവരുടെ വിവരങ്ങൾ, നൈപുണ്യ രജിസ്ട്രറിലെ രേഖപ്പെടുത്തൽ എന്നിവയുടെ പകർപ്പുകൾ ജില്ലാ മിഷനിൽ സമർപ്പിക്കണം. 50 പേർ പങ്കെടുക്കുന്ന ക്യാമ്പിന് 500 രൂപ ജില്ലാ മിഷൻ ഇൻസെന്റീവായി അനുവദിക്കും. കൂടാതെ മികവ് അനുസരിച്ച് മറ്റ് ഇൻസെന്റീവും നൽകുന്നു. പുതിയ ഉത്തരവ് പ്രകാരം അതിൽ 80 ശതമാനം കമ്മ്യൂണിറ്റി വോളണ്ടിയർക്കും 20 ശതമാനം തുക സിഡിഎസ് പ്ലാൻ തനത് ഫണ്ടിലേക്കും വകയിരുത്തും (നേരത്തേ 40 ശതമാനം കമ്മ്യൂണിറ്റി വോളണ്ടിയർക്കും 60 ശതമാനം സിഡിഎസ് പ്ലാൻ തനത് ഫണ്ടിലേക്കുമായിരുന്നു)

| പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ | ഇൻസെന്റീവ് ലഭിക്കുന്നതിനുള്ള മാനദണ്ഡം | ഇൻസെന്റീവ് തുക (രൂപ) | ഇൻസെന്റീവ് തുക (പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗം) |
|---|---|---|---|
| ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ ബാച്ച് ഫ്രീസിങ് | ഓരോ ബാച്ചിലും രജിസ്ട്രർ ചെയ്ത ബാച്ച ഫ്രീസിങ്ങിന് ശേഷവും നിലനിൽക്കുന്ന ഗുണഭോക്താക്കളുടെ എണ്ണം അനുസരിച്ച് | ഒരു ഗുണഭോക്താവിന് 100 രൂപ നിരക്കിൽ | ഒരു ഗുണഭോക്താവിന് 150 രൂപ നിരക്കിൽ |
| പരിശീലനം പൂർത്തീകരിക്കൽ | 75 ശതമാനം ഹാജരോടെ പരിശീലനം പൂർത്തീകരിക്കുകയും കോഴ്സ് സർട്ടിഫിക്കറ്റ് ലഭിച്ചു കഴിയുമ്പോൾ | ഒരു ഗുണഭോക്താവിന് 100 രൂപ നിരക്കിൽ | ഒരു ഗുണഭോക്താവിന് 150 രൂപ നിരക്കിൽ |
| ജോലി ലഭിക്കൽ | സ്ഥിര വരുമാനത്തോടെ പദ്ധതി മാനദണ്ഡപ്രകാരം ജോലി ലഭിച്ചാൽ | ഒരു ഗുണഭോക്താവിന് 150 രൂപ നിരക്കിൽ | ഒരു ഗുണഭോക്താവിന് 200 രൂപ നിരക്കിൽ |
| ജോലിയിൽ തുടർന്നാൽ (3 മാസം) | ഗുണഭോക്താവ് തുടർച്ചയായി മൂന്ന് മാസമെങ്കിലും പദ്ധതി നിബന്ധനകൾക്ക് വിധേയമായി ജോലിയിൽ തുടർന്നാൽ | ഒരു ഗുണഭോക്താവിന് 200 രൂപ നിരക്കിൽ | ഒരു ഗുണഭോക്താവിന് 300 രൂപ നിരക്കിൽ |
| ജോലിയിൽ തുടർന്നാൽ (ഒരു വർഷം) | ഗുണഭോക്താവ് ഒരു വർഷത്തിൽ 9 മാസമെങ്കിലും പദ്ധതി നിബന്ധനകൾക്ക് വിധേയമായി ജോലിയിൽ തുടർന്നാൽ | ഒരു ഗുണഭോക്താവിന് 360 രൂപ നിരക്കിൽ | ഒരു ഗുണഭോക്താവിന് 360 രൂപ നിരക്കിൽ |
| കരിയർ പ്രോഗ്രഷൻ | ഗുണഭോക്താവിന് ജോലി ലഭിച്ച് ഒരു വർഷത്തിനുള്ളിൽ തുടർച്ചയായി 15000 രൂപയോ അതിന് മുകളിലോ ശമ്പളം ലഭിക്കുകയാണെങ്കിൽ | ഒരു ഗുണഭോക്താവിന് 500 രൂപ നിരക്കിൽ | ഒരു ഗുണഭോക്താവിന് 1000 രൂപ നിരക്കിൽ |
| വിദേശത്ത് ജോലി ലഭിച്ചാൽ | ജോലി ലഭിച്ച് ഒരു വർഷത്തിനുള്ളിൽ ഗുണഭോക്താവിന് വിദേശത്ത് ജോലി ലഭിക്കുകയാണെങ്കിൽ | ഒരു ഗുണഭോക്താവിന് 1000 രൂപ നിരക്കിൽ | ഒരു ഗുണഭോക്താവിന് 1000 രൂപ നിരക്കിൽ |

**<u>ഫണ്ട്</u>**

ജില്ലാ മിഷനിലേക്ക് ഡിഡിയുജികെവൈയ്ക്കായി നൽകിയിരിക്കുന്ന ഫണ്ടിൽ നിന്നാണ് തുക കണ്ടെത്തുന്നത്.

68 കമ്മ്യൂണിറ്റി വോളണ്ടിയർമാരാണ് കൊല്ലം ജില്ലയിൽ പ്രവർത്തിക്കുന്നത്. 2017 ഡിസംബർ വരെ 18 പിഐഎകളിലായി കൊല്ലം ജില്ലയിൽ നിന്നുള്ള 1548 പേർ പരിശീലനം പൂർത്തിയാക്കി. 982 പേർക്ക് ജോലിയും ലഭിച്ചു. എസ്സി വിഭാഗത്തിൽ നിന്ന് 417 പേർ പരിശീലനം പൂർത്തിയാക്കി. ഇവരിൽ 199 പേർക്ക് ജോലി ലഭിച്ചു (മൂന്ന് മാസം പൂർത്തിയാക്കി) എസ്ടി വിഭാഗത്തിൽ നിന്ന് 18 പേർ പരിശീലനം പൂർത്തിയാക്കി അതിൽ 9 പേർക്ക് ജോലി ലഭിച്ചു. ന്യൂനപക്ഷ വിഭാഗത്തിൽ നിന്ന് 383 പേർ പരിശീലനം പൂർത്തിയാക്കി അതിൽ 112 പേർക്ക് ജോലി ലഭിച്ചു. പരിശീലനം പൂർത്തിയാക്കിയ 847 സ്ത്രീകളിൽ 338 പേർക്കാണ് ജോലി ലഭിച്ചത്.

**<u>ഭാവി</u>**

ന്യൂനപക്ഷം, പട്ടികവർഗ്ഗം തുടങ്ങീ കാറ്റഗറി അടിസ്ഥാനമാക്കി പരിശീലനാർത്ഥികളെ പിഐഎകളുടെ ആവശ്യം അനുസരിച്ച് കണ്ടെത്തുന്നതിനായി ഡോർ ടു ഡോർ മൊബിലൈസേഷൻ നടത്താൻ ലക്ഷ്യമിടുന്നു.